Mannan, K.K.

Sīlāvati

1876

ശീലാവതി

Sīlāvati

K. K. MANNAN

വിദ്യാൎത്ഥി സന്താനം

അച്ചുകൂടത്തിൽ അച്ചടിച്ചത

Tellicherry

തലശ്ശെരി

൲൫൧-ാം വൎഷം

1876

പ്രിൻടർ യശായ.

വില അണ ൩.

ശീലാവതി

ശ്രീരാമ ഗൊവിന്ദ നാരായണാനന്ദ ശ്രീവാസുദെവ മുകുന്ദഹരെ-വില്വാചലത്തിന്നിൽ വാണരുളീടുന്ന വില്ലാളി വീരശ്രീരാമചന്ദ്ര-കല്യാണവാരിധെ കാത്തരുളെണമെ കാരുണ്യമൂർത്തെ ഞാൻ കൈതൊഴുന്നെൻ-വെള്ളിമലതന്നിൽ പള്ളികൊണ്ടീടുന്ന വെദസ്വരൂപമെ പാലയമാം കിള്ളികുറിശ്ശി മഹാദെവനെന്നുടെ ഉള്ളിൽവിളങ്ങെണ മെല്ലാനാളുംതുള്ളിക്കളിക്കു മരവങ്ങളും നല്ലപുള്ളിമറിമാനംവെണ്മഴുവും അംപിളി ത്തെല്ലുമ ങ്ങാകാശഗംഗയും തുംപയുംചാംപൽപുലിത്തുകിലുംശൂലം കപാലംകടുന്തുടിരുദ്രാക്ഷംചാലെ ധരിക്കുമെന്തമ്പുരാനെ-ശ്രീശുകമന്ദിര വാസജഗന്നാഥ ശ്രീശൂലപാണെ

വണങ്ങീടുന്നെൻ. ചിത്തെമഹെശനെ ചിന്തിച്ചുമെവുന്ന തത്താവരികനീ വൈകീടാതെ ശീലാവതിയുടെ ചാരിത്രശുദ്ധിയുംശീലാഗുണങ്ങളും സൌന്ദൎയ്യവുംപാവനമാകും പതിവ്രതാധൎമ്മവും പാരാതെ ചൊൽക കിളിക്കിടാവെ. എന്നതുകെട്ടകിളിപ്പൈതലൻപൊട്ട വന്ദനംചെയ്തു പറഞ്ഞുമെല്ലെ: ഉഗ്രതപസ്സെന്നു പെരായമാമുനിവൃന്ദത്തെക്കൂടാതെ പണ്ടൊരുനാൾ ശീലാവതിയെന്നു പെരായ കന്യയെ ചാലവെപാണിഗ്രഹണംചെയ്തു കാന്താരത്തന്നിലൊരാശ്രമമുണ്ടാക്കി കാന്താസമെതം തപസ്സുചെയ്തു വൃദ്ധമുനീന്ദ്രൻ വസിച്ചു മഹാശഠൻ ക്രുദ്ധൻകുശീലൻ കുടിലാശയൻ കററക്കുഴൽമണിയാളായ ഭാൎയ്യയെ കുററമല്ലാതെ പറകയില്ലാ- കുഷ്ഠംപിടിച്ചു വെളുത്തു ശരീരവും കുഷ്ഠം കൈ കാലുംതളൎന്നിടുന്നു. ശീലക്കെട്ടുള്ളൊരു ഭൎത്താവിനെനിത്യം ശീലാവതി ദെവി ഭക്തിയൊടെ ഇഷ്ടമറിഞ്ഞവൾ ശുശ്രൂഷചെ

യ്യീട്ടമൊട്ടു മുപെക്ഷയുമില്ലവൎക്കു_ കാല
ത്തുനെരത്തെഴുനീററു വൈകാതെ ചൊ
ലയിൽചെന്നു കുളിച്ചുവന്നു കെവലം ത
ന്നുടെ ഭൎത്താവി നാദരാൽ ദെവകാൎയ്യ
ത്തിന്റെ കൊപ്പുക്കൂട്ടി വെള്ളവും കാച്ചി
കുളിപ്പിച്ചു കാന്തനെ വെദനക്കൂടാതെമെ
ല്ലമെല്ലെ ഇഞ്ചപ്പതകൊണ്ടു തെച്ചുവ്രണ
മെല്ലാം ഠരംടാന്നശൊധന ചെയ്തുകൊ
ണ്ടാൎമുങ്ങികുളിപ്പിച്ചുതൊൎത്തി വഴിപൊ
ലെഭംഗിവരുത്തി വണങ്ങി ക്കൊണ്ടാൎ
ചന്ദനംപുഷ്പം ജലവും നിവെദ്യവുമൊ
ന്നൊഴിയാതെ സമീപത്താക്കി നല്ലവരി
നെല്ലു കുത്തിയരിയാക്കി മെല്ലവെപാക
ത്തിൽവെച്ചുണ്ടാക്കി ലന്തക്കുരുകൊണ്ടുകൂട്ടാ
നുമുണ്ടാക്കി ചന്തത്തിൽവെണ്ണുന്ന കൊപ്പും
ക്കൂട്ടി. ആട്ടിന്റെപാലും കറന്നുതിളപ്പിച്ചു
കൂട്ടികുഴച്ചങ്ങു ചൊറുനൽകി_ഇങ്ങിനെനി
ത്യവുംശുശ്രൂഷ ചെയ്യാലു മങ്ങുള്ളിലെതും
പ്രസാദമില്ലാ_ ഉള്ളിൽ മുഴുത്തൊരു കൊ
പെനമാമുനി കൊള്ളിവാക്കല്ലാതെചൊ

ൽകയില്ല: കള്ളംപെരുത്തൊരു നിൻറമുഖംകണ്ടാൽ ഉള്ളംതെളിവിനി ക്കില്ലാതെല്ലും വെള്ളംകുടിയാതെ ചാവാനടുത്തുഞാൻവെശ്യപ്പെണ്ണുനിന്നെ വെടിക്ക മൂലംകാലത്തൊരു തുള്ളികഞ്ഞി തരാൻപൊലും ശീലാവതി നിണക്കാസ്ഥയില്ലാലക്ഷണമില്ലാത്ത നീവെച്ചു കൊണ്ടെന്നാൽഭക്ഷണത്തിന്നു രുചിയുമില്ല. കൈപ്പുണ്യംതെല്ലും നിണക്കില്ലാ വല്ലതെ കയ്പുംപുളിയുമെരിപ്പുമില്ല വെപ്പിൻറകൌശലമില്ലാ കറിവായിൽ വെപ്പാനു മാകനീവെച്ചതൊന്നുംഉപ്പെരിയുംനിൻറ ചൊറുമെട്ടനാണുകുപ്പയിലാക്കുവാനെന്നെ തൊന്നും ആക്കാനും വെണ്ടീട്ടണൊക്കാനിക്കപൊലെആക്കംകൂടാതെനീചൊറുതന്നാൽഭക്ഷിപ്പാനാഗ്രഹ മുണ്ടാമൊ നീയെന്നെരക്ഷിപ്പാനാളല്ല ശീലാവതി, പന്തീരാണ്ടായിവയസ്സു നമുക്കിപ്പൊൾ പതിക്കനല്ലചെറുപ്പകാലം, താടിനരച്ച പുരുഷനെക്കാണുമ്പൊ ളൊടിയൊളിച്ചീട്ടു മറ്റനു

മാർത്താടിയും നമ്മുടെ മൂക്കമായൊന്നി
ച്ചുകൂടി ഗുണദൊഷ മെന്നെവെണ്ട വാ
യിലൊരുപല്ലുമില്ലാത്ത വൃദ്ധനെ സ്ഥാ
യിയുണ്ടാകുമൊ പെണ്ണുങ്ങൾക്ക പിന്നെ
വിശെഷിച്ച വ്യാധിയുംവദ്ധിച്ച നിന്നെ
പ്പറയുന്നതെന്തി നിപ്പൊൾ. എന്നുടെജാ
തകദൊഷമിതൊക്കയും നിന്നുടെകുററമി
തല്ലതാനും. ചാവാനടുത്തവൻ വെളിക്ക
മൊഹിച്ചാ ലിവണ്ണ മെല്ലാമനുഭവിക്കും.
യൌവനമുള്ള പുരുഷനെ പ്രാപിപ്പാൻ
ദൈവംനിണക്ക വിധിച്ചില്ലല്ലൊ - ക
ണ്ണിന്നുകാഴ്ച കുറഞ്ഞു ചെവികെളാ പു
ണ്ണുംനിറഞ്ഞു ശരീരമെല്ലാം എങ്ങുംനട
പ്പാനെളുതല്ലിനിക്കിപ്പൊ ളെങ്ങിനെവെ
ച്ചുപൊറുപ്പിക്കെണ്ടു വീട്ടിലിരിക്കുന്നൊക്ക
മ്മാനില്ലെംകിലൊ ഊട്ടിൽനടന്നുഭുജിച്ചു
കൊള്ളാം. കാട്ടിലിരിക്കും നമുക്കെന്തൊരാ
ധാരം കൂട്ടിലിരിക്കും കിളിയെപ്പൊലെ-
ആരാനും കൊണ്ടന്നു തന്നെംകിൽ ഭക്ഷി
ക്കാമല്ലെങ്കിൽ പട്ടിണിയെന്നെ വെണ്ടുഏ

ന്നെപുലത്തുവാ നാളല്ല നീയിപ്പൊൾ
നിന്നെപുലത്തുവാൻ ഞാനുംപൊരാവി
പ്രസ്ത്രീയാകും നിണക്കിനുഭക്ഷിപ്പാൻത്രി
പ്രസ്ഥമൊദനം പൊരാതാനും ചാമയു
മില്ലാതിനയുമില്ലിക്കാട്ടിൽ മാമുനിമാർതി
ന്നൊടുങ്ങിപ്പൊയി പാരംകുറഞ്ഞുഫലമൂല
വുംപിന്നെ ദൂരത്തുപൊവാൻ നടനുക്രു
ടാ ശീലാവതിനിൻെറ ശീലംതരമല്ലബാ
ലസ്വഭാവം ശമിച്ചില്ലൊട്ടും. നെരത്തു
നാഴിയരിവെച്ചു നൽകുവാൻ പൊരാ
ത്തനിന്നെ കൊണ്ടെന്തുഫലം„ ഇരംവണ്ണ
മൊരൊ ശകാരപ്രകാരങ്ങൾ കെവലംകെ
ട്ടുവിഷാദ ത്തൊടെ ദുഃഖിച്ചു പാരംകര
ഞ്ഞുവിഷാദിച്ചു ചൊൽകൊണ്ട താപസ
ശ്രെഷ്ഠൻതൻെറ ഇഷ്ടങ്ങളെല്ലാമനുസരി
ച്ചങ്ങിനെ പെട്ടന്നു ശുശ്രൂഷചെയ്തു കൊ
ണ്ടാൾ, രൊഗംശമിപ്പാനു ള്ളൌഷധമൊ
രൊന്നെ വെഗെനകൊണ്ടന്നരച്ചുണ്ടാക്കി
ദുഷ്ടവ്രണങ്ങളിൽ തെച്ചുപതുക്കവെകുഷ്ഠം
ശമിപ്പിച്ചുഭർത്താവിൻെറ ഭക്ഷണത്തിനു

രുചിയുമങ്ങുണ്ടാക്കി. ഭിക്ഷക്കപൊവാൻന
ടന്നക്രൂടാ, ഉഗ്രതപൊമുനി ശ്രേഷ്ഠനെയ
ക്കാലം അഗ്രഹാരെമെപ്പം ഭൂസുരന്മാർവ
ന്നുക്ഷണിച്ചു തുടങ്ങിഭവാനിപ്പൊളെന്നു
ടെയില്ലത്തെഴുന്നള്ളെണം ഭിക്ഷക്കൊ
പ്പുകാം ക്രൂട്ടിപ്പാർത്തീടുന്നു; ശിക്ഷയിൽവ
ന്നുഭുജിച്ചീടെണം". ഇങ്ങിനെ വിപ്രന്മാർവ
ന്നുക്ഷണിക്കുന്നു: "യെങ്ങിനെ പൊകെണ്ടും
ശീലാവതി ഒട്ടംനടപ്പാ നെള്ളതല്ലിനി
ക്കിപ്പൊ ഉഷ്ടിക്കമൊഹമ തുണ്ടതാനും" ഇ
ത്തരംഭത്താവു ചൊദിച്ചതിനുടനുത്തരം
ചൊല്ലിനാൾ ശീലാവതി "എന്റൊച്ചമ
ലിശ്ക്കരെറി യിരുന്നാലുമെത്തും മടിക്കെ
ണ്ടാജീവനാഥ. ഇല്ലങ്ങളിൽ കൊണ്ടുചെ
ന്നു വഴിപൊലെ വല്ലഭനിന്നെ ഭുജിപ്പി
ക്കുന്നെൻ". ഇത്ഥംപറഞ്ഞുമുനിശ്രനെകണ്ഠ
ത്തിൽ സന്തരമങ്ങു വഹിച്ചു കൊണ്ടാൾ
വിപ്രഗൃഹങ്ങളിൽ കൊണ്ടുചെന്നാദരാൽ
വിപ്രകുഡുംബിനി ശീലാവതി. ഉഗ്രതപ
സ്സിന്റെയൂണും കഴിപ്പിച്ചു അഗ്രഹാരങ്ങ

ളിൽ നിന്നുടനെ പൊന്നിങ്ങു തന്നുടെ
യാശ്രമം പ്രാപിച്ചന്നെത്തൊരാത്രികഴി
ച്ചുകൂട്ടി. പിറെറന്നാളും പുലർകാലെ പു
റപ്പെട്ടു മറെറാരുവിപ്രന്റെ പത്തനത്തി
ൽതെററന്നു കാന്തനെ കൊണ്ടുചെന്നാദ
രാൽകൊററംകഴിപ്പിച്ചു കൊണ്ടുപൊന്നുഇ
ങ്ങിനെനിത്യവുമൊരൊ ഗൃഹങ്ങളിലിംഗി
തംപൊലെ ഭുജിപ്പിക്കയും. ഇങ്ങുഗൃഹന്ത
ന്നിൽപൊന്നു വസിക്കയും തിങ്ങിനമൊ
ദെന വാഴുംകാലം അന്തിക്കൊരു നാളി
ലാശ്രമെ വാണീടുമന്തണശ്രേഷ്ഠനരുളി
ചെയ്തു „ശീലാവതി നീതാനെന്നെയുംകൊ
ണ്ടിങ്ങുലീലാവിലാസെന പൊരുന്നൊരം
ഉന്നതമായൊരു മന്ദിരന്തന്നുടെ സന്നി
ധിതന്നിലണഞ്ഞൊനെരം ‚നല്ലപെരുവഴി
തന്നിലൊരെടത്തു വെള്ളമൊഴുകുന്നകണ്ടു
ടനെ നാട്ടുപെരുവഴി വിട്ടുവളച്ചിങ്ങുചെ
ട്ടുന്നുപൊരുവാനെന്തുമൂലം? അക്കണ്ടമന്ദി
രമാക്കുള്ളും വല്ലഭെ പൊക്കത്തിൽമാളി
കഭംഗിയൊടെ കെട്ടുകൾനാലും നട്ടുമററ

വുംനല്ല കൊട്ടത്തളവും മണിക്കിണറും
തെങ്ങുംകഴുങ്ങും കൊടികളും വാഴയുമെങ്ങു
മൊരെട മൊഴിഞ്ഞിട്ടില്ല. രാജഗൃഹമെ
ന്നുതൊന്നുമതുകണ്ടാൽ രാജീവലൊചനെ
ചൊല്ലെന്നൊടു" ഇത്തരംഭർത്താവു ചൊദി
ച്ചതിനുടനുത്തരം ചൊല്ലിനാൾ ശീലാ
വതി: "വിശ്വത്തിലൊക്ക പ്രസിദ്ധമായു
ള്ളൊരു വെശ്യാഗൃഹമിതു ജീവനാഥ! ഐ
ശ്വര്യവും നല്ലസൌന്ദര്യവും പിന്നെ
വശ്യപ്രയൊഗവു മെന്നുവെണ്ട വിശ്വം
ജയിക്കുന്നവൈഭവമുള്ളൊരു വെശ്യയുണ്ടി
തുവസിച്ചീടുന്നു. വിത്തമുള്ളാളുക ളെല്ലാ
മവളുടെ ഭൃത്യന്മാരാവാൻ കൊതിച്ചീടു
ന്നു. കണ്ണുനത്തെല്ലുമ പ്പുഞ്ചിരികൊഞ്ചലും
വെണ്മ കലർന്ന വിലാസങ്ങളും കണ്ടുഭ്രമി
ച്ചു പുരുഷന്മാരർത്ഥങ്ങൾ കൊണ്ടുചെന്നാ
ശുകൊടുത്തീടുന്നു. ഇല്ലവുംവസ്തുവും വിററ
ങ്ങവളുടെ വല്ലഭനാവാൻകൊതിച്ചീടുന്നു.
മന്നവന്മാരെ വശത്താക്കി മെല്ലവെപൊ
ന്നും പണവും കരസ്ഥമാക്കി കൊന്നിട്ടു

മീനിനിരയിട്ടതു പൊലെ പിന്നെയഭൊഷരെ കൈവെടിയും,ദ്രവ്യമുണ്ടാകിൽ സുഭഗന്മാരെല്ലാരും ; ദ്രവ്യമില്ലെന്നാകിൽ ദുൎഭഗന്മാർ. ഇങ്ങിനെയുള്ളൊരു വെശ്യാവസിക്കുന്നതുംഗമഹാമണിമന്ദിരത്തിൽഅന്തികെ വന്നൊരുനെരമവളുടെഅന്തിക്കമെൽകഴുകുന്നവെള്ളംമാൎഗ്ഗത്തിൽവന്നൊഴുകുന്നതുകണ്ടുടൻമാൎഗ്ഗംവെടിഞ്ഞുവളച്ചുപൊന്നു.മെൽകഴുകിടുന്നവെള്ളംചവിട്ടിയാൽ മെൽക്കമെലുണ്ടാമശുദ്ധിദൊഷം. മംഗല്യഹാനിഭവിക്കുംതപസ്സിനും ഭംഗംവരുമജ്ജലത്തെത്തൊട്ടാൽഎന്നതുകൊണ്ടുവളച്ചിഞ്ഞുപൊന്നതൊന്നെന്നു ധരിച്ചാലും ജീവനാഥ! ശീലാവതിയുടെവാക്കുകൾ കെട്ടപ്പൊൾശീലം പകൎന്നിതുമാമുനിക്ക ഇക്ഷുശരാസനവീരന്റെബാണങ്ങൾ ഭിക്ഷുക്കളെയുംവലക്കുമല്ലൊ, വാരസ്ത്രീഎന്നുള്ളനാമത്തെക്കെട്ടപ്പൊൾ മാരാസ്ത്രമെററുമയങ്ങിപ്പൊയിഅന്നെത്തെരാത്രിയിൽനിദ്രാഭവിച്ചില്ലാ അന്നത്തെഭക്ഷിപ്പാനാശയില്ലാ

ഊണമുറക്കവുമെല്ലാമുപെക്ഷിച്ചു വാണ
മഹാമുനിനാലഞ്ചുനാൾ ദീൎഘനിശ്വാ
സവുമാലസ്യവുംപൂണ്ടു തീക്കനൽപൊലെ
ശരീരമെല്ലാം വെശ്യയെത്തന്നെ മനസി
നിരൂപിച്ചു വശ്യാദികൎമ്മങ്ങൾ ചെയ്തീ
ട്ടും ഭൎത്താവുതന്നുടെ പാരവശ്യംകണ്ടു ഭാ
ൎയ്യയുംമെല്ലവെ ചൊദ്യംചെയ്തു "ഈ ഏതൊ
രുകാരണമെന്നുടെ ഭൎത്താവെ സന്താപിച്ചീ
ട്ടന്നാഥാ ഭവാൻ എന്നൊടരുൾചെയ്ക
വെണംമടിയാതെ യെന്നാലൊരുകഴിവു
ണ്ടാക്കീടാം വ്യാധിവികാരമൊ വല്ലാതെ
വന്നതുമാധിവികാരമൊ ചിത്തതന്നിൽ
നാലഞ്ചുനാളായി ഭക്ഷണമില്ലാതുള്ളതാ
ലസ്യംപാരമുറക്കമില്ലാ എന്നൊ ഗ്രഹിപ്പി
ക്കാമെങ്കിൽപരമാൎത്ഥമെന്നൊടരുൾചെ
ക ജീവനാഥാ" എന്നതുകെട്ടരുൾചെയ്തു മ
ഹാമുനി "നിന്നെ ഗ്രഹിപ്പിക്ക വെണ്ടിവന്നു
വെശ്യാഗ്രഹമെന്നു കെട്ടതുകാരണംവെശ്യ
യിലാശാമുഴുത്തീടുന്നു വാരാംഗനാമണി
മൌലിയെ പുൽകുവാൻപാരമുണ്ടാഗ്രഹമ

ന്തരാഗെ ധൎമ്മമല്ലെന്നുഗ്രഹിക്കായ്ക്കയുമല്ല
കൎമ്മാനുബന്ധമൊഴിച്ചുകൂടാ എന്നെകഴു
ത്തിലെടുത്തുപതുക്കവെ ഇന്നത്തെരാത്രി
വരുന്നനെരം വെശ്യാഗൃഹംതന്നിലാ
ക്കെണമെന്നെനീ വെശ്യാവിനൊദംല
ഭിപ്പിക്കെണംഭൎത്താക്കന്മാരുടെ വാക്കുനിര
സിച്ചാൽഭാൎയ്യമാൎക്കാപത്തുവന്നുകൂടും.നല്ല
തെന്നാകിലും തീയ്യതെന്നാകിലുംവല്ലഭൻ
ചൊല്ലുന്നതാചരിക്കാം.അല്ലാതെതാന്തൊ
ന്നിത്വങ്ങൾതുടങ്ങിയാൽ വല്ലാതെവന്നുഭ
വിക്കുമല്ലൊ.മംഗല്യസ്ത്രീകൾക്കു ഭൎത്താക്ക
ന്മാരല്ലൊതങ്ങൾക്കുദൈവതമെന്നറികദെ
ഹമതായതും ജീവനതായതുംകെവലംനി
ങ്ങൾക്കുഭൎത്താവെല്ലൊ.എന്നതുകൊണ്ടുപറ
ഞ്ഞുഞാൻവല്ലഭെ യെന്നുടെമൊഹത്തെ
സാധിപ്പിക്ക – ഇത്തരംഭൎത്താവുതന്റെഗി
രംകെട്ടു ചിത്തരംഗത്തിൽവിഷാദത്തൊ
ടെഎന്തുഞാൻചെയ്യെണ്ടുദുൎമ്മാൎഗ്ഗമിങ്ങനെ
ചിന്തിച്ചുനാഥനരുളിചെയ്താൽ. ആചാ
രമല്ലാത്തവല്ലാത്ത മൊഹങ്ങളാചാൎയ്യന്മാ

രും തുടങ്ങികൊണ്ടാൽ അതുകുന്നവണ്ണം പ്രയ
ത്നങ്ങൾ ചെയ്യെണം ലൊകാപവാദം വരാ
തിരിപ്പാൻ. ഒത്താൽഗുണമല്ലാതുള്ളവിധ
മെന്നുഭൎത്താവുതന്നൊയും ബൊധിപ്പിക്കാം.
കണ്ണുകാണാതെ കിണററിൽ ചാടുന്നൊ
നെചെന്നുപിടിപ്പാൻമടിച്ചിടാമൊ. വല്ല
തെന്നാകിലുംവല്ലഭൻതന്നുടെ വല്ലാത്ത
മൊഹംവിരൊധിക്കെണംഇത്തരംചിന്തി
ച്ചുശീലാവതിതന്റെ ഭൎത്താവിനൊടുവ
ണങ്ങിച്ചൊന്നാൾ.

ഇതി പ്രഥമവൃത്തം സമാപ്തം.

ഗുണമെറും ഭൎത്താവെ മാമുനിശ്രഗുരുനാ
ഥകെട്ടാലുമെന്റെവാക്യം ഗണികമാരൊ
ടുള്ള കെളിമൊഹംഗുണമല്ലനിങ്ങൾ ക്കൊ
ന്നൊാൎത്തീടെണം. പണിയാലെവന്നൊരു
വിപ്രജന്മം പഴുതിലാക്കീടൊല്ലജീവനാഥ.
കണികാണ്മാൻപൊലും ഗുണമില്ലാത്തഗ
ണികാമാരെക്കണ്ടുമൊഹിക്കുന്ന പുരുഷ

ന്റെജന്മംപഴുതെതന്നെ ദുരിതമാംകൂപ
ത്തിൽചെന്നുവീഴും. കുലടമാരൊടുള്ളസം
സൎഗ്ഗത്താൽകുലധൎമ്മാചാരങ്ങളില്ലാതാകും.
മലമൂത്രാഗാരമാകുന്നപാത്രം മലർബ്ബാ
ണാധീനമാകുന്നഗാത്രംഫലമെന്ന്യെമൊ
ഹിക്കുംമൂഢന്മാൎക്കു പലദൊഷംവന്നുഭവി
ക്കുമല്ലൊ. കുലഹാനിവന്നീടും മുന്നെത
ന്നെമലിനമായീടുംമനുഷ്യജന്മം പരിതാ
പമൊരൊന്നെവന്നുകൂടും പരിഹാസത്തി
നുള്ളപാത്രമാകും. പരിചൊടെകീൎത്തിന
ശിച്ചുപൊകും പരിണാമപാപങ്ങൾസംഭ
വിക്കും ധനങ്ങൾക്കുനാശങ്ങൾവന്നുകൂടും
ജനങ്ങൾക്കുവൈരാഗ്യമുണ്ടായീടുംകനക്കെ
ടുജാതിക്കുഹീനഭാവം. മിനക്കെട്ടുനീചന്മാ
രൊടുകൂടി കുലഭാൎയ്യമാരെ വെടിഞ്ഞുകൊ
ണ്ടുകുലടമാരൊടുരമിക്കുന്നൊരു കുലശ്രെ
ഷ്ഠന്മാരാകുംഭൂസുരന്മാർ കുലിശത്തെക്കാളും
കഠിനമാകും ഇരുംപുകൊണ്ടുള്ളൊരു നാരി
വെഷമിരുഭാഗംതീയിട്ടെരിച്ചനന്നായിപഴു
പ്പിച്ചു പെങ്കുലത്തിന്റെദെഹം തഴുകിപ്പു

ണരെണമണ്ടുചെന്നാൽ ഒരുനാളും വെശ്യാ
ജനങ്ങളൊടൊരുമിച്ചു ക്രീഡിപ്പാൻമൊ
ഹിക്കൊല്ലാ. ഗുണദൊഷജ്ഞാനമവൎക്കി
ല്ലൊട്ടും പണമെന്നല്ലാതൊരു ചിന്തയില്ലാ
ധരണിസുരന്മാരും ബൌദ്ധന്മാരും തരുണി
യാം വെശ്യക്കുഭെദമില്ലാ. കനകത്തെ കൈ
യ്യിലെല്ലൊടുക്കുന്നൊരെ കനിവെന്നു ഭാവി
ച്ചു കൈപിടിക്കും, ധനമെല്ലാമങ്ങു കരസ്ഥ
മായാൽ കനമില്ലാതുള്ളൊരു പഞ്ഞിപൊ
ലെ പറപ്പിക്കും ദൂരത്തു, ദുഷ്ടക്കൂട്ടം ഉറപ്പിക്കും
ദ്രവ്യമൊടുങ്ങുവൊളം അവരുടെ കൂട്ടത്തി
ൽ ചെന്നുചാടാനവകാശം വന്നാലവ
ന്റെ ജന്മം വിഫലമായിട്ടമിതത്രയല്ലാവി
കടമായുള്ളനരകന്തന്നിൽ അനവധികാ
ലം വസിച്ചിടെണം, അനുഭവമെന്തെല്ലാം
വന്നീടാത്തു: വെളിച്ചെണ്ണ വീഴ്ത്തിനിറച്ചു
ചെംപിൽ തിളപ്പിച്ചു കാളുന്നവഹ്നിതന്നി
ൽ പിടിച്ചങ്ങു തള്ളിയമഭടന്മാരടിച്ചങ്ങു നീ
ന്തിക്കളിപ്പിച്ചീടും വടികൊണ്ടു മസ്തകഭാഗ
ത്തന്നിൽ അടികൊണ്ടു ദെഹം തളൎന്നുവീഴും

അമൃതുകൊണ്ടപ്പൊഴെജീവിപ്പിക്കു മമൃത
ന്മാരായീടുംതീക്കനലിൽ വിരവൊടങ്ങൊ
ടിക്കമെന്നവെണ്ടാദ്ദതരിങ്ങൾ ചൊന്നാ
ലൊട്ടുക്കമില്ലാ അതുകൊണ്ടുചൊല്ലുന്നൊൻ
ഭൎത്താവെഞാൻ കൌതുകമീവെശ്യയിലുണ്ടാ
കെണ്ടാ അറിയിക്കവെണമൊഞാനീവ
ണ്ണം അറിയപ്പൊകാതുള്ള പ്രെമമൊന്നീ
ചെറുപ്പം കൊണ്ടൊരൊന്നുരക്കുന്നു ഞാൻ
വെറുപ്പുണ്ടായിട്ടൊല്ലമാമുനീന്ദ്ര ക്ഷമി
ക്കെണമിക്കാലം വെശ്യാഗെഹെഗമിക്കെ
ണമെന്നതുംചെയ്തതെല്ലാം വചനങ്ങ
ളീവണ്ണംകെട്ടനെരം വചനീയമല്ലെന്നു
മാമുനീന്ദ്രൻ കനിവൊടുപിന്നെയുംഭാൎയ്യ
യൊടുമനുതാപത്തൊടെയരുളിചെയ്തു.

ഇതി ദ്വിതീയവൃത്തം സമാപ്തം

എന്തിനയ്യൊ വിരൊധംപറയുന്നു ദന്തി
ഗാമിനിമൌലിമണെശൃണു അന്തികെവ
ന്നു നിന്നാലുമാദരാ ലന്തിനെരമണഞ്ഞു

കൃശൊദരിഎന്നെതൊളിലെടുക്കനീവൈ
കാതെനിന്നെത്തന്നെ പറഞ്ഞുബൊധി
പ്പിക്കാം പുള്ളിമാന്മിഴിയാളെനമുക്കിപ്പൊ
ള്ളിലുണ്ടായതണ്ടാർശരാമയം തള്ളിനീ
ക്കിക്കളവാനെളുതാമൊ കൊള്ളിവാക്കല്ല
ചൊല്ലുന്നവല്ലഭെ ന്യായമല്ലാത്തകൎമ്മങ്ങ
ൾക്കൊക്കയും പ്രായശ്ചിത്തങ്ങളുണ്ടെന്നറി
ഞ്ഞാലും മൊഹമുള്ളതുസാധിച്ചില്ലെങ്കി
ലൊദെഹനാശം ഭവിക്കുംനമുക്കൊടൊരുസ്ന
ഹമുണ്ടെങ്കിൽവെശ്യാമണിയുടെ ഗെഹ
ത്തിനിലങ്ങാക്കൊണമെന്നൊന്നി അംഗനാ
മണിയാകുമവളുടെ സംഗമിന്നുലഭിച്ചു
വെന്നാകിലൊ അംഗസൌഖ്യംഭവിക്കുംത
പസ്സിനും ഭംഗമുണ്ടാകയില്ലെന്നറിഞ്ഞാ
ലുംന്യായംവിട്ടുനടക്കയില്ലെങ്കിലൊ പ്രാ
യശ്ചിത്താം വിധിക്കൊണമെന്നുണ്ടൊ കൃ
ച്ഛ്രചാന്ദ്രായണാദിക്രിയകൊണ്ടുസ്വച്ഛ ഭാ
വവിശുദ്ധിവരുത്തീടാം മന്മഥക്ഷൊഭം
കൊണ്ടുള്ളവൈഷമ്യം ധൎമ്മചാരിജനങ്ങ
ൾക്കുമുണ്ടാകുംവിശ്വമൊഹിനിമെനകയെ

ഷ്പണ്ടു വിശ്വാമിത്രനനുഭവിച്ചില്ലയൊ ച
ന്ദ്രനംഗുരുഭാൎയ്യയെ പ്രാപിച്ചു ചന്തമൊടുര
മിച്ചീലയൊ ശ്രുതെ ഇന്ദ്രനംപണ്ടഹല്യയെ
പ്രാപിച്ചു ഇന്ദ്രിയക്ഷോഭശാന്തിവരുത്തി
ലെ സൎവ്വജ്ഞന്മാരാം മിത്രാവരുണന്മാരുൎവ്വ
ശിയെപ്പരിഗ്രഹിച്ചീലയൊ ബ്രഹ്മശാഖ്യ
യായുള്ളൊരുനാരിയെ പ്രാപിച്ചീലയൊക
ണ്വമഹാമുനി ബ്രഹ്മദൈവനതായഭഗവാ
നംതന്മകളെപരിഗ്രഹിച്ചീലയൊ ഇപ്പറ
ഞ്ഞമഹാജനമൊക്കയും തല്പ്രതിക്രിയകൊ
ണ്ടുവിശുദ്ധരായി അപ്രകാരം നമുക്കുമിട്ടൊ
ഷത്തെ ക്ഷിപ്രമങ്ങുകളവാൻ തടവുണ്ടൊ
അൎദ്ധരാത്രിക്കുമുന്നമവളുടെ പത്തനത്ത
ന്നിലാക്കെണമെന്നെനീ വൃദ്ധനാകുന്നൊ
രെന്റെമനൊരഥംവ്യൎത്ഥമാക്കിച്ചമക്കാ
യ്ക്കവല്ലഭെ" ഇത്തരംഗുരുനാഥന്റെവാക്കി
നങ്ങുത്തരംപറയുന്നവരാരഹൊ „അന്നുവ
ല്ലതുമെ"ന്നാങ്ങവളുടെ ചിത്താന്തന്നിലുറച്ചു
പുറപ്പെട്ടുഅന്ധകാരം നിറഞ്ഞൊരുരാത്രി
യിൽഅന്തണശനെ മെല്ലെന്നെടുത്തുട

ൻകണ്ണദെശത്തിലാക്കി നടകൊണ്ടകുണ്ഠി
തംവിട്ട വെശ്യാഗൃഹംനൊക്കി തൽപദ
തളിർകൊണ്ടങ്ങുമെല്ലവെ തപ്പിത്തപ്പിന
ടന്നുനടന്നുടൻ കല്ലുംമുള്ളുമക്കാട്ടും മലക
ളുംമെല്ലെമെല്ലെ കടന്നുപണിപ്പെട്ടുചെ
ല്ലുന്നെര മൊരാരൊഹണം തന്നിൽ വ
ല്ലഭന്റെ ശരീരംതടകയാൽ അക്കഥയും
ചുരുക്കിപറഞ്ഞീടാംതസ്കരന്മാരതിന്നിഹ
കാരണം തത്രരാജ്യെവസിക്കുന്ന ഭൂപന്റെ
പത്തനത്തിലകം പുക്കുകള്ളന്മാർ രാജഭ
ണ്ഡാരംകട്ടതിരിച്ചപ്പൊൾ രാജകിങ്കരന്മാ
രുമുണൎന്നുതെ കള്ളന്മാരുടെ പിമ്പെഭടന്മാ
രുംകൊള്ളിയും മിന്നിമിന്നിപ്പുറപ്പെട്ടു കാ
നനംതന്നിൽ മാണ്ഡവ്യമാ മുനിധ്യാന
മൌനവിലൊചനനാകയാൽ നിശ്ചല
നായിരിക്കും മുനിയൊട്ടനിശ്ചയംവരുമാ
റങ്ങുചൊദിച്ചു താനുണ്ടൊകണ്ടുതസ്കരക്കൂട്ട
ത്തെകാനനം തന്നിലൊടി വരുന്നതെ
ന്നുചൊദിച്ച കിംകരന്മാരൊടൊന്നുംമിണ്ടീ
ലമാമുനിശ്രെഷ്ഠനും ഉത്തരമുരിയാടാത്ത

തെന്തടൊ യിത്തരമവർ ചിന്തിച്ചുപൊയു
ടൻകൊള്ളിയുംമിന്നിനാലുദിക്കിങ്കലുംകള്ള
ന്മാരെതിരഞ്ഞുപിടികൂടിപട്ടപൊൻപണം
പെട്ടകമെന്നിവ കട്ടപൊയതും കിട്ടിബ
ള്ളവിധം തമ്പുരാനൊടറിയിച്ചനെരത്തു
തമ്പുരാനുമരുൾ ചൈതി തന്നെരംചൊ
രന്മാരെക്കഴുതന്നി ലെററുവിൻഅവരെന്നാ
ലുംമടിക്കൊണ്ട വീരരെ രാജശാസനംകെ
ട്ടുഭടന്മാരും വ്യാജപൂരുഷന്മാരെ കഴുവെ
ററി ഒന്നുംമിണ്ടാതിരിക്കമിത്താപസൻള
നുതസ്കരന്മാരുടെ കൂട്ടത്തിൽ മുൻപനാ
യിവരെണമെന്നിങ്ങിനെ വൻപന്മാരവ
ർനിശ്ചയിച്ചീടിനാർ വല്ലാതെകണ്ടുവഞ്ച
നംചെയ്യിച്ചാൽ കൊല്ലാതെ കഴുവെററ
ണമെന്നുണ്ട മാമുനീന്ദ്രനെ ശൂലത്തിലെ
ററുവാൻ സ്വാമിക്കമെതു തന്നെയാസ്സമ്മ
തം ശൂലപാണിസദൃശനാം മാണ്ഡവ്യൻ
ശൂലത്തനിൽമലന്നുകിടക്കുമ്പൊൾ കാലി
ന്മെൽ തട്ടിവൃദ്ധമുനീന്ദ്രന്റെ മൌലിഭാഗ
മതുനെരംമാണ്ഡവ്യൻ പാരംവെദനയു

ണ്ടാകകാരണാൽത്താരെന്നുള്ളതുചിന്തിച്ചറി
ഞ്ഞുടൻ വാരനാരിയെ കാമിച്ചുരാത്രിയി
ൽചൊരനായിട്ട പൊകുന്നവൃദ്ധനൊന്നാ
ളെസൂൎയ്യനുദിക്കുന്നനെരത്തു നാശംവന്നു
ഭവിക്കും നിണക്കെടൊ എന്നിവണ്ണംശ
പിച്ചതുകെട്ടുടൻഖിന്നമാനസനുഗ്രതപൊ
മുനിപിന്നൊക്കാംതന്നെ പൊകെന്നരുൾ
ചെതു തന്നുടെപൎണ്ണശാലയകം പൂക
പ്രാണനാശം വരുമെന്നുപെടിച്ചു കെണു
മെവുന്ന താപസശ്രെഷ്ഠന്റെ പാദപത്മം
വണങ്ങിപ്പറഞ്ഞിതു ഖെദംകൂടാതെ ശീ
ലാവതി സതിഎത്രുംക്ലെശിക്കരുതെന്റെ
ഭൎത്താവെ ഹെതുകൂടാതെ വന്നൊരനൎത്ഥ
ത്തെധൎമ്മ ചാരിത്രം കൊണ്ടങ്ങൊഴി ക്കു
ന്നെൻ കൎമ്മസാക്ഷി ദിവാകരനല്ലയൊ
എന്നിവണ്ണം പറഞ്ഞുകുളിച്ചുടൻ വന്നു
നിന്നുദിനെശനെ ധ്യാനിച്ചുമാൎത്താണ്ഡ
സ്വാമി ദെവഭവാനെന്റെഭൎത്താവിന്റെ
മരണമൊഴിക്കെണം ഉന്നതമാമുദയാദ്രി
മസ്തകെ വന്നുദിച്ചുഭവാനെംകിലപ്പൊ

ഴെഎന്നുടെ ജീവനാഥനപായവുംവന്നു
പൊമെന്നു ശാപമകപ്പെട്ടു എന്നതുകൊ
ണ്ടുമത്ഭൎത്തൃജീവനെ തന്നുരക്ഷിക്കവെണം
ഭഗവാനെ എന്നിവണ്ണം പറഞ്ഞുവ്രത
ത്തൊടെ നിന്നുകൊണ്ടുതപം ചെയ്തുതാ
പസീസൂൎയ്യദെവഭഗവാനുമന്നെരം തെരി
ലെറിയുദിപ്പാനൊരുമ്പെട്ടു വന്നാനെരമി
പ്രാൎത്ഥനകെൾക്കയാൽ നിന്നുപൊയിമ
ഹാഗിരിസന്നിധൌ ആദിദെവനുദിക്കാ
യ്ക്കകൊണ്ടഹൊ വെദിയന്മാൎക്കുകൎമ്മങ്ങളൊ
ക്കയും ഭംഗംവന്നപ്പൊളംബര വാസിക
ൾ അങ്ങുപാരം പരവശന്മാരായി കാരണ
മിതിനെന്തെന്നുവാസവൻ ചാരണന്മാ
രുംവിദ്യാധരന്മാരും കിന്നരന്മാരുംകിംപു
രുഷന്മാരും ഖിന്നതപൂണ്ടിരിക്കും ദശാന്ത
രെനാരദൻവന്നുരചെയ്തു ബൊധി
ച്ചുസാരമൊക്കയും സൎവ്വസുരന്മാരും പാരാ
തെകണ്ടു പംകജവാസന്റെ ചാരത്തുചെ
ന്നുണൎത്തിച്ചു വൃത്താന്തം പംകജവാസൻ
താനുംസുരന്മാരും ശങ്കരാചലംതന്നിൽപ്ര

വെശിച്ചസങ്കടമറിയിച്ചൊരനന്തരംതിങ്ക
ൾചൂഡനുംമററുള്ളവൃന്ദവും ക്ഷീരവാരി
ധിതീരത്തുചെന്നുടൻവാരിജാക്ഷനെവാ
ഴ്ത്തിസ്തുതിചെയ്തു സൂൎയ്യദെവനുദിക്കായ്ക
കൊണ്ടുള്ള കാൎയ്യഹാനികളെല്ലാമുണൎത്തി
ച്ചമന്ദഹാസവുംപൂണ്ടങ്ങരുൾചെയ്തുഇന്ദി
രാപതി ദെവമുരാന്തകൻ അത്രിയെന്നു
ള്ളതാപസശ്രെഷ്ഠന്റെ ആശ്രമംനൊക്കി
പ്പൊന്നാലുമെവരും തത്രചെന്നാലുപാ യ
ങ്ങളുണ്ടാകും മിത്രദെവനുദിപ്പാൻ കഴി
വരുംഎല്ലാററിന്നുമൊരു കഴിവുണ്ടാകുംക
ല്യാണാംഗികനിവുള്ളതാപസീലക്ഷ്മിനാ
യകനിത്ഥമരുൾചെയ്തു പക്ഷിരാജന്റെ
കണ്ഠൊ കരെറിനാൻ അന്നത്തിന്റെപുറ
ത്തെറിബ്രഹ്മാവും മുന്നിലാമ്മാറവെഗംന
ടകൊണ്ടു കാളതന്നുടെകണ്ഠെവസിക്കുന്ന
നീലകണ്ഠനുംപിന്നെയെഴുന്നെള്ളി വൈ
നതെയന്റെ കണ്ഠെവസിക്കുന്ന വൈകു
ണ്ഠൻതാനും പിന്നെയെഴുന്നള്ളി നാലുകൊ
മ്പുള്ളവെള്ള ഗ്ഗജെന്ദ്രന്മെൽ നാകനാഥൻ

കരെറിവിളങ്ങിനാൻ വാനവന്മാരുംനാ
നാമുനികളും യാനംചൈത്രമഹായൊഗ
മിങ്ങിനെ അത്രിതാപസശ്രേഷ്ഠൻ വസി
ക്കുന്നൊരാശ്രമം നൊക്കിപ്പൊന്നാലുമെവ
രുംവൃത്രവൈരിയു ദെവകദംബവുംഅത്രി
യെച്ചെന്നു വന്ദിച്ചനന്തരംവെറെചെന്ന
ങ്ങനസൂയയൊടെല്ലാം എറെഭക്ത്യാ വി
ശെഷമറിയിച്ചു ബ്രഹ്മൻ വിഷ്ണു ഗിരീശ
ന്മാർ മൂവരും ബ്രാഹ്മണിനിന്നെക്കാണ്മാ
നെഴുനള്ളി താപസിയായ ശീലാവതിയു
ടെതാപംക്രുടാതെ സൂൎയ്യനുദിക്കെണം ആ
യതിന്നുപ്രയത്നങ്ങൾ ചെയ്യെണം ആയ
വണ്ണം കഴിവുണ്ടാക്കീടെണം

ഇതിതൃതീയവൃത്തംസമാപ്തം

അത്രിമഹാമുനിഭാൎയ്യാ പുനരത്രിദെശ
രൊടുചൊല്ലി ശീലാവതിയുടെപാതിവ്രത്യ
ത്യശീലഗുണാദിവിശെഷം എത്രമനൊ
ഹരമൊൎത്താലതു മിത്രനുംലംഘിച്ചുക്രുടാ

വൈധവ്യം കൂടാതിരിപ്പാനെന്തുവൈഷ്യ
മ്യമിന്നുനിനച്ചാൽമൂൎത്തികൾമൂവരുംകൂടെ
വന്നുപാൎത്തിരിക്കുന്നതുകണ്ടാൽ_എങ്ങിനെ
ഞാനങ്ങുചെല്ലാതിനി യിങ്ങുവസിച്ചീട
വെണ്ടു. ഭൎത്താവിനനുവാദമെംകിൽഭ
ക്ത്യാഞാൻകൂടെവരുന്നെൻ എന്നുള്ളവാ
ക്കുകൾകെട്ടുശക്രൻ ചെന്നത്രിയൊടറിയി
ച്ചുഅത്രിക്കനുവാദമെന്നുള്ളതു വൃത്താരിവ
ന്നുപറഞ്ഞു_ആയതുകെട്ടുനടന്നുഅനസൂയ
യുംവാസവൻതാനുംമൂൎത്തികൾമൂവരുംപിം
പെജഗദാൎത്തിശമിപ്പതിന്നായി ഉഗ്രതപ
സ്സിന്റെറഗെഹന്തന്നി ലഗ്രെഗമിച്ചനസൂ
യാ്ശീലാവതിയെവിളിച്ചുശീഘ്രമൻപൊ
ടിവണ്ണംപറഞ്ഞു ~ സൂൎയ്യനുദിക്കാതെപൊ
യാൽബഹുകാൎയ്യക്ഷയമുണ്ടുപാരിൽ ധൎമ്മ
ങ്ങളൊക്കമുടങ്ങി വിപ്രകൎമ്മങ്ങളുംബഹുമ
ങ്ങിക്രൂരികൾവന്നുനിറഞ്ഞു ഭൂവിഭൂരിശ്രുഭ
ങ്ങൾമറഞ്ഞുകള്ളന്മാരൊക്കയുന്നുദിക്കിലു
ള്ളതശെഷംകവൎന്നു_ദൈത്യന്മാർപാരംകട
ത്തുസുരമൎത്ത്യന്മാർചാവാനടുത്തു കൂട്ടംപ

ലതുംവളൎന്നു പശുക്കൂട്ടംവിശന്നതളൎന്നുഭൂ
സുരന്മാരുടെസായന്തനമന്തരമാവാനുപാ
യം രാത്രിയൊടുങ്ങാതെതന്നെകഷ്ടം ധാത്രി
യിലിങ്ങിനെമുന്നം കണ്ടറിയുന്നില്ലപാരം
ദൊഷമുണ്ടാമതിനില്ലുപായം എവമനസൂ
യാതന്റെമൊഴി കെവലംകെട്ടമടങ്ങിശീ
ലാവതിദെവിചൊന്നാളനുക്രൂലമിനിക്ക
നസൂയെ ഭൎത്താവിനാപത്തുകൂടാതൊരുമാ
ൎത്താണ്ഡദെവനുദിപ്പാൻ സംഗതിയുണ്ടാ
സ്സുരുത്താമെംകിലിങ്ങനുവാദമിനിക്കും മം
ഗല്യംപൊകാതിരിപ്പാനുള്ള മാൎഗ്ഗംവിചാ
രിച്ചുകൊൾക. അപ്പൊളനസൂയചൊന്നാ
ൾബാലെ കെൾപ്പൊടുകെട്ടുകൊണ്ടാലും
ബ്രഹ്മനുംവിഷ്ണുഗിരീശന്മാരുംചെമ്മെയെ
ഴുനള്ളിനിന്റെവൈധവ്യംരക്ഷിപ്പാനി
പ്പൊളെത്തുംവൈഷമ്യമീശ്വരന്മാൎക്കുംലൊ
കത്തെസൃഷ്ടിക്കുംദൈവംനിന്റെ ശൊക
ത്തെതീൎപ്പാൻപൊരായൊ സാദരമൎക്ക
നുദിപ്പാനനുവാദംകൊടുക്കനീ ബാലെ.
അത്രികുഡുംബിനിതന്റെമൊഴിസത്യമെ

നങ്ങളിലുറച്ച ശീലാവതികനിവൊടെചെ
ന്നുബാലരവിയെവന്നങ്ങി എംകിലുദിച്ചു
കൊണ്ടാലുമെന്നെശംകിക്കവെണ്ടദിനെശ
എന്നുപറഞ്ഞൊരുനെരംതന്നെ വന്നങ്ങു
ദിച്ചുദിനെശൻ മൂന്നുദിവസംകഴിഞ്ഞുസൂ
ൎയ്യൻതന്നുടെരശ്മികൂടാതെ നാലാംദിവ
സമുദിച്ചുദിശിവെല്ലംപരക്കെപരന്നുവി
പ്രന്മാരുൎക്കുതുടങ്ങി യിരുളെപ്പെരുംനീങ്ങി
യടങ്ങി താമരപ്പൂക്കൾവിരിഞ്ഞുഭുവിതാമ
സിയാതെവിളങ്ങിഹൊമങ്ങൾനീളെത്തു
ടങ്ങിയപ്പൊൾധൂമങ്ങൾപൊങ്ങിത്തുടങ്ങി
എല്ലാരുംവാതിൽതുറന്നു ഗൃഹമെല്ലാമടി
ച്ചുതളിച്ചു ദെവാലയങ്ങളിൽപൂജാബലി
ശീവെലിഘൊഷംതുടങ്ങി സ്ത്രീകളടുക്കള
തന്നിൽചെന്നുപാകാദികൎമ്മംതുടങ്ങിചൊ
രന്മാരൊടിയൊളിച്ചു നൽകുമാരന്മാർചാ
ടിക്കളിച്ചു. ഉഗ്രതപസ്സുമരിച്ചുഭുവിവ്യഗ്രത
യൊടുപതിച്ചുതല്പത്തിമൊഹിച്ചുവീണുപി
ന്നെതല്പരിവാരങ്ങൾകെണ ആയതുക
ണ്ടൊരുനെര മനസൂയക്കുമാധിപിടിച്ചു

വെഗെനചെന്നുവിരിഞ്ചനപ്പൊൾവെള്ള
മെടുത്തുതളിച്ചു അന്നെരംകണ്ണുതുറന്നുച
ത്തുവീണൊരുമാമുനിശ്രെഷ്ഠനതാനെയെ
ഴുനീററിരുന്നുമുനിമാനെല്ലുംകണ്ണീയുണന്നു
മൂൎത്തികൾ മൂവരുംകൂടീമുനിമൂൎദ്ധനിതൊട്ട
രുൾചെതുകാമനെക്കൊള്ളുംമനൊജ്ഞാകൃ
തിമാമുനിശ്രെഷ്ഠനിദാനിം ദീൎഘായുസ്സാ
യിഭവിക്കമൊരു നീക്കമതിനില്ല തെല്ലും
കല്പാന്തകാലമിരിക്ക മതിനില്ലവികല്പംമു
നീന്ദ്ര എപ്പൊഴുംയൌവനകാലം നിങ്ങ
ക്കെത്തും വികല്പമില്ലെതും ലീലാവിലം
സവിനൊദംപൂണ്ട ശീലാവതിയൊട്ടുകൂടി
യാഗങ്ങൾചെയ്യീടവെണം വിപ്രയൊഗ
ങ്ങളാചരിക്കെണം എന്നുള്ളവാക്കുകൾകെ
ട്ടുമുനിസുന്ദരരൂപമിയന്നു ബ്രഹ്മാദിയച്ച്യു
തന്മാരെചെന്നു ചെമ്മെവണങ്ങിപ്പറഞ്ഞു
അന്നെരംമൂൎത്തികൾമൂന്നുംകൂടി നന്നായ
നുഗ്രഹംനൽകി ഭൂയൊപിമൂവരുംകൂടിഅ
നസൂയയൊടങ്ങരുൾചെയ്തുഎന്തുപിരംവെ
ണ്ടുബാലെ തവചിന്തിതംവാങ്ങിച്ചുകൊൾ

കലൊകൊപകാരംനിചെയ്തു ജനശൊകങ്ങ
ളെല്ലാമൊഴിഞ്ഞു പ്രത്യുപകാരത്തെചെ
യ്യാൻ ഞങ്ങൾക്കത്യന്തമാഗ്രഹമിപ്പൊൾ
എന്നതുകെട്ടനസൂയാദെവി വന്ദനഞ്ചെ
യ്തുപറഞ്ഞു ഉത്തമപൂരുഷന്മാരെനിങ്ങളെ
ത്രയുംകാരുണ്യത്തൊടെ അത്രമഹീതലത്ത
ന്നിൽമമപുത്രന്മാരായ്പിറക്കെണം എത്രയു
മാഗ്രഹമുണ്ടിങ്ങതുമാത്രംവരംതന്നിടെണം
ഇത്രിലൊകെശന്മാരാകുംനിങ്ങളത്രിയെന്നു
ള്ളമുനിക്കും ശംകകൂടാതെസുശീലെഞങ്ങ
ൾനിൻകൽപിറക്കുന്നതുണ്ടുഎന്നരുൾചെ
യ്തുമറഞ്ഞു ഹരിപത്മചൂഡൻവിധിതാനും
വാനവന്മാരുംഗമിച്ചു ബഹുമാനമിവൎക്ക
ലഭിച്ചുഅത്രികുഡുംബിനിതാനുംപുനരത്രി
സമീപെഗമിച്ചു ഉഗ്രതപൊമുനിശ്രെഷ്ഠൻ
സുഖമുഗ്രഗുണാമൃതരൂപൻ ശീലാവതിയൊ
ടുകൂടെബഹുകാലമിരുന്നുസുഖിച്ചു യാഗാ
ദികൎമ്മങ്ങൾചെയ്തു സുഖയൊഗാനുകൂലം
വസിച്ചു ഉത്തമപൂരുഷൻവിഷ്ണു പുനരത്രി
സുതനായ്പിറന്നു ദത്തനെന്നുള്ളൊരു നാമം

പൂണ്ടതത്വജ്ഞനെവിളിച്ചു സൎവ്വെശനാ
കുംശിവനെൻറനാമം ദുൎവ്വാസാവെന്നുപ്രസി
ദ്ധം പിന്നെവിരിഞ്ചനെൻറരാഗാകൃതിത
ന്നെശരീരമതായിചന്ദ്രനെന്നുള്ളൊരുനാ
മംപൂണ്ടുസാന്ദ്രമുദാത്യതിശീതൻ അത്രിമ
ഹാമുനിശ്രെഷ്ഠൻതന്റെ നെത്രത്തിൽനി
ന്നുജനിച്ചുശൃംഗാരകൊമളരൂപൻശശിശൃം
ഗാരയൊനികളെന്നിങ്ങിനെമൂൎത്തികൾ
മൂന്നുപെരുംമംഗലത്തൊടെവിളങ്ങീചന്ദ്രി
കയെന്നുള്ളനാമമങ്ങുമൂൎത്തികൾ മൂവരുംന
ൽകിഉത്തമരാംത്രിദശന്മാർനിജപത്തനെ
ചെന്നുവസിച്ചുഉത്തമയാമനസൂയാമുനിസ
ത്തമനാമത്രിയൊടുംശീലാവതിവരനൊടും
ചെന്നുലീലാദികൎമ്മങ്ങൾചെയ്തുയാഗാദി
കൎമ്മങ്ങൾചെയ്തുബഹുഭൊഗാനുകൂലംവസി
ച്ചുഇക്കഥാനിത്യവും ഭക്ത്യാചൊല്ലുന്നൊ
ൎക്കുമിതുകെൾക്കുന്നൊൎക്കുംസന്തതിയും നെടു
മംഗല്യവുംസമ്പത്തുമെററമതുണ്ടാംഇത്ഥമ
നുഗ്രഹംചെയ്തുകിളിചിത്തസുഖെന വസി
ച്ചു. ഇതിചതുൎത്ഥവൃത്തം സമാപ്തം

2.20

ശീലാവതി

ശ്രീരാമ ഗൊവിന്ദ നാരായണാനന്ദ
ശ്രീവാസുദെവ മുകുന്ദഹരെ - വില്വാച
ലത്തിൽ വാണരുളീടുന്ന വില്ലാളി
വീരശ്രീരാമചന്ദ്ര- കല്യാണവാരിധെ കാ
ത്തരുളെണമെ കാരുണ്യമൂർത്തെ ഞാൻ
കൈതൊഴുന്നെൻ - വെള്ളിമലതന്നിൽ പ
ള്ളികൊണ്ടീടുന്ന വെദസ്വരൂപമെ പാല
യമാം കിള്ളിക്കുറിശ്ശി മഹാദെവനെന്നു
ടെ ഉള്ളിൽവിളങ്ങെണമെല്ലാനാളും തു
ള്ളിക്കളിക്കുമരവങ്ങളും നല്ലപുള്ളിമറിമാ
നുംവെണ്മഴുവും അംപിളി ത്തെല്ലുമ ങ്ങാ
കാശഗംഗയും തുംപയുംചാംപൽപുലിത്തു
കിലുംശൂലം കപാലംകടുന്തുടിരുദ്രാക്ഷംചാ
ലെ ധരിക്കുമെൻതമ്പുരാനെ - ശ്രീശുകമ
ന്ദിര വാസജഗന്നാഥ ശ്രീശൂലപാണെ